ഉത്തരം

(എ) കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ഒഴികെ വ്യവസായ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 59 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു.

(ബി) ലാഭത്തിൽ പ്രവർത്തിച്ചിരുന്നവ - 25 എണ്ണം

നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നവ - 34 എണ്ണം

(സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഈ സർക്കാർ സ്വീകരിച്ച പ്രവർത്തനങ്ങളുടെ ഫലം അറിയാൻ കുറച്ചു കൂടി സമയം ആവശ്യമായിവരുമെന്നുള്ളതു കൊണ്ട് ഈ പ്രവർത്തനങ്ങളുടെ ഫലമായി എത്ര സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ കഴിയുമെന്ന് ഇപ്പോൾ കണക്കാക്കുവാൻ സാധിക്കുകയില്ല.

35 (537) കശുവണ്ടിയുടെ കുത്തക സംഭരണം

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിയുടെ കുത്തക സംഭരണം നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് കുത്തക സംഭരണം ആരംഭിക്കുമെന്ന് അറിയിക്കുമോ;

(സി) കശുവണ്ടിയുടെ കുത്തക സംഭരണം ആരംഭിക്കാത്ത പക്ഷം അതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാനത്ത് കശുവണ്ടിയുടെ കുത്തക സംഭരണം പുനരാരംഭിക്കുന്നതിന് പുതിയ നിയമനിർമ്മാണം ആവശ്യമാണ്. ഇതു സംബന്ധിച്ച നിയമപരമായും സാമൂഹ്യപരമായുമുള്ള വിവിധവശങ്ങൾ പരിശോധിച്ച് കർഷകരുടെ കൂടി സഹകരണത്തോടെ കുത്തക സംഭരണം ഏർപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് കശുമാവ് കർഷകരുടെ വിവിധ സംഘടനകളുമായി സർക്കാർ പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും കർഷക സംഘടനകൾ അനുകൂലമായ നിലപാടല്ല സ്വീകരിച്ചിട്ടുള്ളത്.

36 (538) ബാംബൂ കോർപ്പറേഷൻ ഡിപ്പോകളിലെ പീസ് റേറ്റ് വർക്കർമാർ

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ബാംബൂ കോർപ്പറേഷൻ ഡിപ്പോകളിൽ പീസ് റേറ്റ് വർക്കർമാരായി പ്രവർത്തിക്കുന്ന തൊഴിലാളികളെ ഈ സ്ഥാപനത്തിൽ ക്ലാസ് IV ജീവനക്കാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) ബാംബൂ കോർപ്പറേഷനിലെ പീസ് റേറ്റ് വർക്കർമാരെ ക്ലാസ്സ് ഫോർ ജീവനക്കാരായി നിയമിക്കുകയാണെങ്കിൽ അതിനുള്ള ഭീമമായ സാമ്പത്തിക ബാദ്ധ്യത ഇപ്പോഴത്തെ സ്ഥിതിയിൽ സർക്കാർ ഏറ്റെടുക്കേണ്ടതായി വരും. അതുകൊണ്ട് ഇതിൻമേൽ അനന്തര നടപടി കൈക്കൊള്ളുവാൻ നിർവ്വാഹമില്ല.

37 (539) കയർ വ്യവസായത്തിന്റെ അഭിവൃദ്ധി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി എൻ.കെ. രാധ:
ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് കയർ ഗ്രാമങ്ങൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ കയർ ഗ്രാമങ്ങൾ ഏതെല്ലാം ജില്ലകളിൽ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് കയർ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയുടെ മുടക്ക് മൂലധനം എപ്രകാരം സ്വരൂപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കയർ ഉൽപ്പന്നങ്ങളുടെ സംസ്ഥാനത്തെ ഉപയോഗം വർദ്ധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തെ കയറുൽപ്പന്നങ്ങളുടെ വിദേശ കയറ്റുമതി വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ജി) കഴിഞ്ഞ മൂന്നു വർഷക്കാലമായി എന്തു തുകയുടെ കയറ്റുമതിയാണ് നടത്തിയതെന്നു വ്യക്തമാക്കുമോ?
207/2010.

LIBRARY ARCHIVES Kerala Legislative Assembly